# امتحان نصف السنة في المدارس الدينية ٢٠٢٣ - ٢٤ م
## تحت هيئة التربية والتعليم لندوة المجاهدين بكيرالا

**H 402**

الصف: الرابع | الموضوع: العقائد والأخلاق | المدة: ساعتان | العلامات: ٨٠

الاسم: ........................................ العلامات:

**I ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്താം** [10]

1. വിശ്വാസിയുടെ മഹത്തായ ഗുണമാണ് ക്ഷമ.
2. മഴ കിട്ടാൻ അല്ലാഹുവോട് മാത്രമേ പ്രാർത്ഥിക്കാവൂ.
3. അയൽവാസി മുസ്‌ലിമല്ലെങ്കിൽ അവർക്ക് സഹായങ്ങൾ ചെയ്യരുത്.
4. ഒരാളുടെ ഏതെങ്കിലും ഒരു പോരായ്മ അത് അയാളിൽ ഉള്ളതാണെങ്കിൽ മറ്റുള്ളവരോട് പറയുന്നത് തെറ്റല്ല.
5. എല്ലാ നബിമാർക്കും വേദഗ്രന്ഥം നൽകപ്പെട്ടിട്ടുണ്ട്.
6. നബി ﷺ യുടെ പേര് കേൾക്കുമ്പോൾ നാം നബി ﷺ ക്ക് വേണ്ടി പ്രാർത്ഥിക്കണം.
7. മൂസാ നബി عليه السلام യും സംഘവും കടൽ കടന്ന് ഈജിപ്തിലേക്ക് പോയി.
8. എല്ലാ പ്രവാചകന്മാരും മനുഷ്യരാണ്.
9. ഇരുപത്തിഅഞ്ച് നബിമാർ മാത്രമേ ലോകത്ത് വന്നിട്ടുള്ളൂ.
10. നബിമാർ പാപം ചെയ്യാത്തവരാണ്.

**II വരച്ച് യോജിപ്പിക്കാം** [5]

| | |
|---|---|
| അൽ അമീൻ | ഈസാ നബി عليه السلام |
| സബൂർ | മൂസാ നബി عليه السلام |
| തൗറാത്ത് | പ്രതീക്ഷ |
| പ്രാർത്ഥന | മുഹമ്മദ് നബി ﷺ |
| ഇൻജീൽ | ദാവൂദ് നബി عليه السلام |

**III ശരിയുത്തരം തിരഞ്ഞെടുത്ത് പൂർത്തിയാക്കാം** [5]

| | | |
|---|---|---|
| മുഹമ്മദ് നബി ﷺ | സുഗന്ധ വിൽപനക്കാരൻ | |
| സൽസ്വഭാവം | സുന്നത്ത് | ഖുർആൻ |

1. അന്ത്യനാളിൽ തുലാസിൽ കനം തൂങ്ങുന്നത് ................................ ആണ്.
2. നല്ല സുഹൃത്തിനെ നബി ﷺ ഉപമിച്ചത് .................................... നോടാണ്.
3. നബി ﷺ യുടെ സ്വഭാവം ................................ ആയിരുന്നു.
4. .................................... ആണ് നമ്മുടെ ജീവിത മാതൃക.
5. നബി ﷺ യുടെ ജീവിതചര്യയാണ് ............................

**IV പ്രസ്താവനകൾക്ക് യോജിച്ച വചനങ്ങൾ ചതുരത്തിൽ നിന്ന് കണ്ടെത്താം** 8

1. ഏറ്റവും നല്ല സ്വഭാവമുള്ളവനാണ് വിശ്വാസം സമ്പൂർണമായവൻ.

..........................................................................................

2. മനുഷ്യൻ തന്റെ കൂട്ടുകാരന്റെ സ്വഭാവത്തിൽ ആയിരിക്കും.

..........................................................................................

3. ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപ്പിക്കാൻ ഏറ്റവും നല്ലത് അവനാകുന്നു.

..........................................................................................

4. അപ്പോൾ ആര് ഒരണുത്തൂക്കം നന്മ ചെയ്തുവോ അത് അവൻ കാണും.

..........................................................................................

- حَسْبُنَا اللهُ وَنِعْمَ الْوَكِيل
- الْمَرْءُ عَلَى دِينِ خَلِيلِهِ
- فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ
- أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا

**V പ്രസ്താവനകൾ തെറ്റ് തിരുത്തി എഴുതാം** 8

1. നബി ﷺ യുടെ അടുത്ത കൂട്ടുകാരൻ അലി ﵁ യായിരുന്നു.

..........................................................................................

2. അയൽവാസി തന്റെ ദ്രോഹത്തിൽ നിന്ന് നിർഭയനാകുന്നതുവരെ ഒരാൾ നരകത്തിൽ പ്രവേശിക്കുകയില്ല.

..........................................................................................

3. മനുഷ്യ കഴിവിൽപെട്ട കാര്യങ്ങൾ അങ്ങേയറ്റത്തെ താഴ്മയോടു കൂടി സഹായം തേടലാണ് പ്രാർത്ഥന.

..........................................................................................

4. ലോകാവസാനം വരെയുള്ള ജനങ്ങൾ മുഹമ്മദ് നബി ﷺ യുടെ മാതൃക പിന്തുടരേണ്ടതില്ല.

..........................................................................................

**VI വചനങ്ങൾ പൂർത്തിയാക്കി എഴുതാം (മൂന്നെണ്ണം)** 9

١) مَنْ كَانَ يُؤْمِنُ .................................................. فَلْيَقُلْ ..............

٢) وَإِنَّكَ لَعَلَى ..................... ..............................

٣) قُلْ أَرَأَيْتُمْ .................................................. بِمَاءٍ مَعِينٍ

٤) مَنْ تَعَلَّقَ ..................... ..................... ..............

## VII ഉത്തരമെഴുതാം (നാലെണ്ണം) 16

1. നബി ﷺ യെ നാട്ടുകാർക്ക് പ്രിയങ്കരനാക്കിയ മഹദ് ഗുണങ്ങൾ എഴുതാമോ?

2. പഞ്ചായത്ത് പ്രസിഡണ്ടിനോട് കുടിവെള്ളം എത്തിക്കാൻ അപേക്ഷിക്കുന്നത് പ്രാർത്ഥനയല്ല. എന്തുകൊണ്ട്?

3. ഉറുക്കും ഏലസ്സും കെട്ടുന്നതിനെപ്പറ്റി നബി ﷺ പറഞ്ഞതെന്താണ്?

4. അല്ലാഹു ഏൽപ്പിച്ച മലക്ക് കാഹളം ഊതിയാൽ എന്താണ് സംഭവിക്കുക?

5. അല്ലാഹു നമുക്ക് ചെയ്തു തന്ന അനുഗ്രഹങ്ങളിൽ ചിലത് എഴുതാമോ?

## VIII സന്ദർഭം വിവരിക്കാം (രണ്ടെണ്ണം) 8

1. “ഒരിക്കലുമില്ല. നിന്നെയോർത്ത് അവരിൽ നിന്ന് ഉയർന്ന ഒരു നെടുവീർപ്പിന് പോലും ഇത് മതിയാവുകയില്ല.”

2. “ഒരിക്കലുമില്ല. എന്റെ റബ്ബ് എന്നോടൊപ്പം ഉണ്ട്.”

3. “എന്റെ റബ്ബ് സൂര്യൻ കിഴക്ക് ഉദിപ്പിക്കുന്നു. നീ അത് പടിഞ്ഞാറ് നിന്ന് കൊണ്ടുവരൂ.”

**IX കണ്ടെത്തിയെഴുതാം** 5

(സൂറത്തുൽ ഇസ്റാഇലെ 23, 24 ആയത്തുകളുടെ ആശയമാണ് താഴെ കൊടുത്തത്. അതിൽ പറഞ്ഞിട്ടുള്ള മാതാപിതാക്കളോടുള്ള കടമകൾ ഏതെല്ലാമാണെന്ന് കണ്ടെത്തി എഴുതാമോ.)

1. നിന്റെ റബ്ബ് തീരുമാനിച്ചിരിക്കുന്നു അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്. മാതാപിതാക്കളിൽ നന്മ ചെയ്യണമെന്നും. അവരിൽ ഒരാൾ അല്ലെങ്കിൽ അവർ രണ്ടാളും നിന്റെ അടുക്കൽ വച്ച് വാർദ്ധക്യം പ്രാപിച്ചേക്കുന്ന പക്ഷം അവരോട് ഛെ! എന്ന് നീ പറയരുത്. അവരോട് കയർക്കുകയും ചെയ്യരുത്. അവരോട് നീ മാന്യമായ വാക്കു പറയുകയും ചെയ്യുക.
2. കാരുണ്യം നിമിത്തം എളിമയുടെ ചിറക് അവർക്ക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. നീ പറയുകയും ചെയ്യണം; റബ്ബേ അവർ രണ്ടാളും എന്നെ ചെറുപ്രായത്തിൽ പരിപാലിച്ചു വളർത്തിയത് പോലെ നീ അവരോട് കരുണ ചെയ്യേണമേ എന്ന്.

➤ ..........................................................................

➤ ..........................................................................

➤ ..........................................................................

➤ ..........................................................................

➤ ..........................................................................

**X താഴെക്കൊടുത്ത വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ കുറിച്ച് സാഹിത്യ സമാജത്തിൽ അവതരിപ്പിക്കാൻ ഒരു പ്രസംഗം തയ്യാറാക്കി നോക്കിയാലോ.** 6

1. സ്വഭാവ മഹിമ
2. തവക്കുൽ